(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി–ഡി) ബേക്കലിലെ കുടിവെള്ള വിതരണ പദ്ധതിയുടെ പൂർത്തീകരണത്തിന്റെ ഭാഗമായി 11 വാട്ടർ ടാങ്കുകളുടെ നിർമ്മാണത്തിനായി 1,84,57,364 (ഒരുകോടി എൺപത്തിനാല് ലക്ഷത്തി അൻപത്തിഏഴായിരത്തി മുന്നൂറ്റി അറുപത്തിനാല്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കായംകുളം ബോട്ടുജെട്ടിയിൽ ജലയോര വിശ്രമകേന്ദ്രം നിർമ്മിക്കാൻ നടപടി

67 [745] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം ബോട്ടുജെട്ടിയിൽ ഒരു ജലയോര വിശ്രമകേന്ദ്രം നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചുവോയെന്നും ഇല്ലെങ്കിൽ അത് എന്ന് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്ഥാപനം കെ.ടി.ഡി.സി. ഏറ്റെടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ ഡി.റ്റി.പി.സി.-യുടെ നിയന്ത്രണത്തിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നു. സുനാമി ദുരന്തത്തെത്തുടർന്ന് ഈ കേന്ദ്രം ഇപ്പോൾ വാട്ടർ അതോറിറ്റിക്ക് ദുരിതാശ്വാസ പ്രവർത്തനത്തിനായി നൽകിയിരിക്കുകയാണ്.

(ബി) ഇല്ല.

കാരന്തൂർ തുറയിൽകടവ് കോട്ട സംരക്ഷിക്കാൻ നടപടി

68 [746] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കാരന്തൂർ പ്രദേശത്തെ തുറയിൽകടവ് കോട്ടയിൽ നൂറുകണക്കിന് കുരങ്ങുകളും വിവിധ ഇനം പക്ഷികളും അനവധി ഔഷധ ചെടികളും വൻമരങ്ങളും ഉണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കോട്ടയും ക്ഷേത്രവും സന്ദർശിക്കുവാൻ ദിനംപ്രതി നൂറുകണക്കിന് സന്ദർശകർ എത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവിടേക്ക് നിലവിലുള്ള റോഡ് ഗതാഗതയോഗ്യമല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കി ആഭ്യന്തര-വിദേശ സഞ്ചാരികൾക്ക് യാത്ര സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) എങ്കിൽ ഇതിന്റെ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ—ഇ) തുറയിൽകടവ് കോട്ട വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇപ്പോൾ പരിഗണനയിലില്ല. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

പോളച്ചിറ പ്രദേശം പക്ഷി സങ്കേതമായി പ്രഖ്യാപിക്കാൻ നടപടി

69 [747] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പോളച്ചിറ പക്ഷി സങ്കേതം ടൂറിസം പദ്ധതിയിൽപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസിപ്പിക്കുവാൻ സത്വര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

പരിശോധിക്കാവുന്നതാണ്.

കായംകുളത്ത് വാട്ടർ സ്പോർട്ട്സ് വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ

70 [748] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് വാട്ടർ സ്പോർട്ട്സ് വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ ; അവിടെ ഒരു ബോട്ട് ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കായംകുളം ബോട്ട് ജെട്ടിയിൽ സ്ഥിതിചെയ്യുന്ന ജലയോര വിശ്രമകേന്ദ്രത്തിനോടനുബന്ധിച്ച് ഒരു ബോട്ട് ക്ലബ്ബ് സ്ഥാപിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly